ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.01.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). ജമ്മു കശ്മീരിലെ സോനാമാർഗ് തുരങ്കപാത പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും.

**Prime Minister Narendra Modi will inaugurate the Sonamarg Tunnel project in Jammu and Kashmir today.**

2). 12 വർഷത്തിൽ ഒരിക്കൽ നടക്കുന്ന മഹാ കുംഭമേളക്ക് യു.പിയിലെ പ്രയാഗ്‌രാജിൽ തുടക്കമായി.

**The World's largest spiritual and cultural gathering Mahakumbh began today in Prayagraj with Amrit Snan on the occasion of Paush Poornima.**

3). മകരവിളക്കിനൊരുങ്ങി ശബരിമല. പമ്പവിളക്കും പമ്പാസദ്യയും ഇന്ന്.

**Makaravilakku preparations in full swing at Sabarimala; Pamba vilak and Pampasadya today.**

4). കേരളത്തിൽ എല്ലാ മാവേലി സ്റ്റോറുകളും കൂടുതൽ സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുമെന്ന് മന്ത്രി ജി.ആർ അനിൽ.

**Food and Civil Supplies Minister GR Anil announced that all Maveli Stores in Kerala will be upgraded into well-equipped supermarkets**

5). പ്രഥമ ഖോഖൊ ലോകകപ്പിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.

**The Kho Kho World Cup 2025 will begin at the Indira Gandhi Indoor Stadium in New Delhi today.**

==============================================

## PM – VISIT JAMMU – (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ജമ്മു കശ്മീരിൽ സോനാമാർഗ് തുരങ്ക പാത ഉദ്ഘാടനം ചെയ്യും. സമുദ്രനിരപ്പിൽ നിന്ന് 8,650 അടി ഉയരത്തിൽ 12 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് തുരങ്കപാത. സന്ദർശന വേളയിൽ, പ്രധാനമന്ത്രി തുരങ്കപാതയുടെ നിർമാണത്തിൽ പങ്കെടുത്ത തൊഴിലാളികളുമായി ആശയവിനിമയം നടത്തും.

***വിശദാംശങ്ങളിലേക്ക്...***

***(VOICE............................)***

*ശ്രീനഗറിനും സോനാമാർഗിനുമിടയിൽ എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ ഗതാഗത സംവിധാനം ഒരുക്കാനാകും എന്നതാണ് തുരങ്കപാതയുടെ പ്രത്യേകത. ഇത് ശ്രീനഗറിൽ നിന്ന് തന്ത്രപ്രധാനമായ ലേ യിലേക്കുള്ള ഗതാഗത ബന്ധം മെച്ചപ്പെടുത്തും. പദ്ധതിയ്ക്കായി രണ്ടായിരത്തി എഴുനൂറ് കോടി രൂപയിലധികം ചെലവഴിച്ചു. സോനാമാർഗ് പ്രധാന തുരങ്കം, അനുബന്ധ തുരങ്കം, സമീപ റോഡുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. മണ്ണിടിച്ചിലും ഹിമപാത സാധ്യതയുള്ള വഴികളും ഒഴിവാക്കി ലഡാക്ക് മേഖലയിലേക്ക് സുരക്ഷിതയാത്ര ഉറപ്പാക്കാൻ ഈ തുരങ്കം സഹായിക്കും. സോനാമാർഗിനെ വർഷം മുഴുവനും എത്തിച്ചേരാവുന്ന കേന്ദ്രമാക്കി മാറ്റുന്നതിലൂടെ ശൈത്യകാല വിനോദസഞ്ചാരം, സാഹസിക കായിക വിനോദം എന്നിവ പരിപോഷിക്കാനും കഴിയും. സൈന്യത്തിനും തുരങ്കപ്പാത ഏറെ പ്രയോജനകരമാകും. തുരങ്ക ഉദ്ഘാടനത്തിനുശേഷം പൊതുസമ്മേളനത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.*

*ന്യൂസ് ഡെസ്ക്, ആകാശവാണി.....*

==========================================

## PM – YOUNG LEADERS – (INTRO)

ഇന്ത്യൻ സമ്പദ് വ്യവസ്ഥ അടുത്ത പതിറ്റാണ്ടിൻറെ അവസാനത്തോടെ 10 ലക്ഷംകോടി ഡോളർ മറികടക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ ഇന്നലെ വികസിത് ഭാരത് യുവ

നേതൃ സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(VOICE……………………….)

==================================================

EAM – SPAIN VISIT

വിദേശകാര്യ മന്ത്രി എസ് ജയ് ശങ്കർ ദ്വിദിന സന്ദർശനത്തിനായി ഇന്ന് സ്പെയിനിലേക്ക് പുറപ്പെടും. വിദേശകാര്യ മന്ത്രി എന്ന നിലയിൽ അദ്ദേഹത്തിൻ്റെ ആദ്യ സ്പെയിൻ സന്ദർശനമാണിത്. സന്ദർശന വേളയിൽ,ശ്രീ ജയശങ്കർ സ്പാനിഷ് വിദേശകാര്യമന്ത്രിയുമായി ചർച്ചകൾ നടത്തും.

==================================================

JAISHANKAR – TRUMP SWEARING

നിയുക്ത അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ പങ്കെടുക്കും. ഈ മാസം 20-നാണ് അമേരിക്കയുടെ 47-ാ മത് പ്രസിഡൻറായി ട്രംപ് അധികാരമേൽക്കുന്നത്.

==================================================

THAILAND – ADGMIN

ആസിയാൻ രാജ്യങ്ങളിലെ ഡിജിറ്റൽ കാര്യങ്ങളുടെ ചുമതലയുള്ള മന്ത്രിമാരുടെ അഞ്ചാമത് യോഗം തായ്ലൻഡിലെ ബാങ്കോക്കിൽ ഇന്ന് ആരംഭിക്കും. മേഖലയുടെ ഡിജിറ്റൽ ഭാവിയെക്കുറിച്ച് മന്ത്രിതല ചർച്ചകൾ സമ്മേളനത്തിൽ നടക്കും.

==================================================

BJP – LIST

ഡൽഹി നിയമസഭ തിരഞ്ഞെടുപ്പിൽ മുസ്ഥാഫാബാദിലെ സ്ഥാനാർത്ഥിയായി എം എൽ എ മോഹൻ സിങ് ബിഷ്തിനെ

ബി ജെ പി പ്രഖ്യാപിച്ചു. 70 അംഗ നിയമസഭയിലേക്ക് ഇതുവരെ 58 സ്ഥാനാർത്ഥികളെയാണ് ബി ജെ പി പ്രഖ്യാപിച്ചത്. എ എ പി, കോൺഗ്രസ് സ്ഥാനാർത്ഥികളും മണ്ഡലങ്ങളിൽ പ്രചാരണം ആരംഭിച്ചു.

==========================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==========================================

**MAHA KUMBH**

12 വർഷത്തിൽ ഒരിക്കൽ നടക്കുന്ന മഹാ കുംഭമേളക്ക് യു.പിയിലെ പ്രയാഗ്‌രാജിൽ ഇന്ന് തുടക്കമായി. ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമസ്ഥാനമായ ത്രിവേണി സംഗമത്തിൽ അമൃത് സ്നാനത്തോടെ യാണ് മേള ആരംഭിച്ചത്. ഫെബ്രുവരി 26-ന് മഹാശിവരാത്രിദിനത്തിൽ കുംഭമേള സമാപിക്കും. 45 കോടി ഭക്തർ പങ്കെടുക്കുമെന്നാണ് സംഘടകർ പ്രതീക്ഷിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ സാംസ്കാരിക- ആത്മീയ സമ്മേളനമാണ് ഇത്. കനത്ത സുരക്ഷയാണ് ഒരുക്കിയിരിക്കുന്നത്. മേളയോടനുബന്ധിച്ച് **മൂവായിരത്തി 300** പ്രത്യേക ട്രെയിനുകൾ ഉൾപ്പെടെ, പതിനായിരത്തിലധികം ട്രെയിനുകൾ സർവീസ് നടത്തും.

==========================================

**GAJENDRA-SINGH - KUMBH MELA -(INTRO)**

മഹാകുംഭമേളയ്ക്കുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി കേന്ദ്ര മന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത്ത്. രാജ്യത്തിൻറെ സംസ്കാരത്തിൻറെയും പാരമ്പര്യത്തിൻറെയും പ്രദർശനമായിരിക്കും മഹാകുംഭമേളയെന്നും അദ്ദേഹം പറഞ്ഞു.

**(VOICE...........)**

==========================================

**LOHRI**

ഉത്തരേന്ത്യയിലെ പ്രധാന വിളവെടുപ്പ് ഉത്സവമായ ലോഹ് രി ഇന്ന് ആഘോഷിക്കുന്നു. പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ്, ഡൽഹി, ജമ്മു, ചണ്ഡീഗഡ് എന്നിവിടങ്ങളിലാണ് പ്രധാനമായും ലോഹ് രി

ആഘോഷിക്കുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപ രാഷ്ട്രപതി ജഗ്ദീപ് ധങ്കർ , ലോക് സഭ സ്പീക്കർ ഓം ബിർള തുടങ്ങിയ പ്രമുഖർ ലോഹ് രി ദിനത്തിൽ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

=============================================

## SABARIMALA

മകരവിളക്കിനൊരുങ്ങി ശബരിമല. പമ്പവിളക്കും പമ്പാസദ്യയും ഇന്നാണ്. നാളെയാണ് മകരവിളക്ക്. എരുമേലിയിൽ പേട്ട തുള്ളിയ അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങൾ കാനന പാത വഴി കാൽനടയായി ഇന്നലെ വൈകിട്ട് പമ്പയിൽ എത്തി. തിരുവാഭരണ ഘോഷയാത്ര നാളെ വൈകിട്ട് ദീപാരാധനയ്ക്ക് മുൻപായി സന്നിധാനത്തെത്തും. മകരവിളക്ക് ദർശിച്ചശേഷം പുല്ലുമേട് നിന്നും സന്നിധാനത്തേക്ക് തീർത്ഥാടകരെ കടത്തിവിടില്ലെന്ന് ഇടുക്കി ജില്ലാ കളക്ടർ വി വിഗ്നേശ്വരി അറിയിച്ചു. തീർത്ഥാടകർ പുല്ലുമേട്ടിൽ മകരവിളക്ക് ദർശിച്ച ശേഷം തിരികെ സത്രത്തിലേക്ക് മടങ്ങണം. അടുത്തദിവസം രാവിലെ മാത്രമേ സന്നിധാനത്തേക്ക് യാത്ര അനുവദിക്കൂ.

=============================================

## MINISTER G R ANIL

സംസ്ഥാനത്തെ എല്ലാ മാവേലി സ്റ്റോറുകളും കൂടുതൽ സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുമെന്ന് മന്ത്രി ജി.ആർ അനിൽ. പെരിന്തൽമണ്ണ ഏലംകുളത്ത് സപ്ലൈകോ സൂപ്പർമാർക്കറ്റിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോ 113-ാമത്തെ വില്പന ശാലയാണ് ഏലംകുളത്ത് ഉദ്ഘാടനം ചെയ്യുന്നത്. സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും ഒരു ഷോപ്പ് പോലും പൂട്ടുകയോ തൊഴിലാളികളെ പിരിച്ചുവിടുകയോ ഉണ്ടായിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

=============================================

**KHO KHO**

പ്രഥമ ഖോഖൊ ലോകകപ്പിന് ഇന്ന് ഡൽഹിയിലെ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ തുടക്കമാകും. പുരുഷ-വനിതാ വിഭാഗങ്ങളിലായി 24 രാജ്യങ്ങൾ പങ്കെടുക്കും. ഇന്ന് രാത്രി 8.30-ന് ആതിഥേയരായ ഇന്ത്യയും നേപ്പാളും ഏറ്റുമുട്ടും. പൂണെ സ്വദേശി പ്രതീക് വൈകാറാണ് ഇന്ത്യൻ പുരുഷ ടീമിനെ നയിക്കുന്നത്. തിരുവനന്തപുരം സ്വദേശി ബി. നിഖിലും ടീമിലുണ്ട്. മഹാരാഷ്ട്രയിൽ നിന്നുള്ള പ്രിയങ്ക ഇംഗിളാണ് വനിതാ ടീമിൻറെ ക്യാപ്റ്റൻ.

==============================================

**CRICKET**

അയർലൻഡിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ഇന്നലെ നടന്ന രണ്ടാം മത്സരത്തിൽ ഇന്ത്യ 116 റൺസിന് വിജയിച്ചു. ആദ്യമത്സരവും ഇന്ത്യയാണ് ജയിച്ചത്. പരമ്പരയിലെ അവസാന മത്സരം മറ്റന്നാൾ.

==============================================

**ISL - FOOTBALL**

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്നലെ മുംബൈയിൽ നടന്ന മത്സരത്തിൽ ജംഷഡ്പൂർ എഫ്.സി ആതിഥേയരായ മുംബൈ സിറ്റി എഫ്സിയെ ഏകപക്ഷീയമായ മൂന്ന് ഗോളുകൾക്ക് പരാജയപ്പെടുത്തി.
ഇന്ന് കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ
കേരള ബ്ലാസ്റ്റേഴ്സ് എഫ്സി, ഒഡീഷ എഫ്സിയെ നേരിടും. രാത്രി 07:30 നാണ് മത്സരം.

==============================================

**TENNIS - AUSTRALIAN OPEN**

ഓസ്ട്രേലിയൻ ഓപ്പൺ ടെന്നീസിൽ, പുരുഷ സിംഗിൾസ് മത്സരത്തിൽ ഇന്ത്യയുടെ സുമിത് നാഗൽ ആദ്യ റൗണ്ടിൽ പുറത്തായി. ചെക്ക് താരം ടോമസ് മച്ചാക്കിനോടാണ് പരാജയപ്പെട്ടത്.

==============================================

**VOLLEYBALL CHAMPIONSHIP**

ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തിൻറെ പുരുഷ-വനിതാ ടീമുകൾ ഫൈനലിൽ. സർവീസസാണ് പുരുഷടീമിൻറെ എതിരാളി. വനിതകൾ ഫൈനലിൽ റെയിൽവേസുമായി ഏറ്റുമുട്ടും.

==============================================

**IRAN-EU NUKE TALKS**

ഇറാനും യൂറോപ്യൻ രാജ്യങ്ങളും തമ്മിലുള്ള മൂന്നാംവട്ട ചർച്ച ഇന്ന് സ്വിറ്റ്സർലൻഡിലെ ജനീവയിൽ ആരംഭിക്കും. രണ്ട് ദിവസത്തെ യോഗം പ്രധാനമായും ആണവ വിഷയങ്ങളായിരിക്കും ഊന്നൽ നൽകുക. ഇറാൻ, ജർമ്മനി, ഫ്രാൻസ്, ബ്രിട്ടൻ, യൂറോപ്യൻ യൂണിയൻ പ്രതിനിധികൾ ചർച്ചയിൽ പങ്കെടുക്കും.

==============================================

**TAMIL NADU CM-INDIAN FISHERMEN**

ശ്രീലങ്കൻ നാവിക സേന മത്സ്യത്തൊഴിലാളികളെ അറസ്റ്റ് ചെയ്യുന്ന സംഭവങ്ങളിൽ നയതന്ത്ര മാർഗ്ഗങ്ങളിലൂടെ ശാശ്വത പരിഹാരം കണ്ടെത്തണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടു. തുടർച്ചയായി ഉണ്ടാകുന്ന ഇത്തരം സംഭവങ്ങൾ മത്സ്യതൊഴിലാളി സമൂഹത്തിൽ ഏറെ അനിശ്ചിതത്വം സൃഷ്ടിക്കുന്നതായും വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന് അയച്ച കത്തിൽ അദ്ദേഹം പറഞ്ഞു.

==============================================

**DAM -DEATH**

പീച്ചി റിസർവോയറിൽ കുളിക്കാനിറങ്ങി അപകടത്തിൽപെട്ട നാല് പെൺകുട്ടികളിൽ ഒരാൾ മരിച്ചു. പട്ടിക്കാട് സ്വദേശി അലീനയാണ് മരിച്ചത്. തൃശൂർ സെൻറ് ക്ലെയേഴ്സ് സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിനിയാണ്. മൂന്നുപേർ ചികിത്സയിൽ തുടരുന്നു.

==============================================

**IMD-WEATHER**

പഞ്ചാബ്, ഹരിയാന, ഛണ്ഡിഗഡ്, ഡൽഹി, പടിഞ്ഞാറൻ രാജസ്ഥാൻ എന്നിവിടങ്ങളിൽ ഇന്ന് ശൈത്യ കാലാവസ്ഥ അനുഭവപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളം, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിൽ ഇടിമിന്നോലടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ട്.

==========================================

**RAIN- KERALA**

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ വ്യാഴാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

==========================================

**BOOK FEST**

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിൻറെ മൂന്നാം പതിപ്പ് ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും. സമാപന സമ്മേളനം ചലച്ചിത്ര താരം പ്രകാശ് രാജ് ഉദ്ഘാടനം ചെയ്യും.

==========================================

==========================================

==========================================